# India-Uzbekistan Foreign Office Consultations

November 20, 2020

---

## ഇന്ത്യ ഉസ്ബെക്കിസ്ഥാൻ ഫോറിൻ ഓഫിസ് പര്യാലോചനകൾ

നവംബർ 20, 2020

ഇന്ത്യയും ഉസ്ബെക്കിസ്താനും തമ്മിലുള്ള 14 ആം ഘട്ട ഫോറിൻ ഓഫിസ് പര്യാലോചനകൾ 2020 നവംബർ 20 നു വിർച്ചൽ രീതിയിൽ നടന്നു.ഇന്ത്യൻ വിഭാഗത്തെ സെക്രട്ടറി (വെസ്റ്റ്) ആയ ശ്രീ.വികാസ് സ്വരൂപും ഉസ്ബെക്കിസ്ഥാൻ വിഭാഗത്തെ ഉസ് ബെക്കിസ്ഥാൻ റിപ്പബ്ലിക്കിന്റെ ആദ്യ ഉപവിദേശകാര്യ മന്ത്രിയായ ശ്രീ. ഫർഹദ് ആർസീവും നയിച്ചു.

പര്യാലോചനകൾക്കിടയിൽ, രാഷ്ട്രീയം, സാമ്പത്തികം, പ്രതിരോധം, വികസന പങ്കാളിത്തം, വിഭവശേഷി വികസനം , കോൺസുലാർ വിഷയങ്ങൾ കൂടാതെ സാംസ്കാരിക സഹകരണം എന്നീ വിവിധ മേഖലകളിലെ സഹകരണം ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. ഇന്ത്യൻ ലൈൻ ഓഫ് ക്രെഡിറ്റിന് ഉസ്ബെക്കിസ്ഥാൻ സമയോചിതമായി നടപ്പിലാക്കിയ പ്രോജക്ടുകളെക്കുറിച്ചുള്ള പ്രത്യേക പരാമർശങ്ങളും നടത്തിയിരുന്നു.

ഇരു വിഭാഗങ്ങൾ;ക്കും താല്പര്യമുള്ള പ്രാദേശിക അന്തർദേശീയ വിഷയങ്ങളിൽ ഇരു വിഭാഗങ്ങളും തങ്ങളുടെ കാഴ്ചപ്പാടുകൾ പങ്കുവച്ചു കൂടാതെ ഐക്യരാഷ്ട്ര സഭയിലും മറ്റു ബഹുരാഷ്ട്ര സംരംഭങ്ങളിലും ഉള്ള സഹകരണം ശക്തിപ്പെടുത്തുന്നതിനായി അനുകൂലിക്കുകയും ചെയ്തു. കോവിഡ് 19 അപകർച്ചവ്യാധി മൂലം നേരിടേണ്ടി വന്ന വെല്ലുവിളികളെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനുള്ള വഴികളെക്കുറിച്ചും ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു.

2020 ഡിസംബർ 3 നു ഡി വി സി രീതിയിൽ നടത്താനിരിക്കുന്ന ഇന്ത്യയും ഉസ്ബെക്കിസ്താനും തമ്മിലുള്ള വ്യപാര സാമ്പത്തിക ,ശാസ്ത്ര സാങ്കേതിക സഹകരണം സംബന്ധിച്ചുള്ള ഇന്റർ ഗവൺമെന്റൽ കംമീഷന്റെ അടുത്ത സെഷനു വേണ്ടി ഇരു വിഭാഗങ്ങളും പ്രതീക്ഷ പുലർത്തുന്നു. ഇരു വിഭാഗങ്ങൾക്കും സ്വീകാര്യമായ തിയ്യതിൽ ഫോറിൻ ഓഫിസ് കൺസൾട്ടേഷനുകളുടെ അടുത്ത ഘട്ടം നടത്തുന്നതിന് അവർ തീരുമാനിക്കുകയും ചെയ്തു.

**ന്യൂ ഡൽഹി**

**20 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release